**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4193** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണവിതരണത്തിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പത്തിരിപ്പാല ജി.വി.എച്ച്.എച്ച്.എസ്സിൽ 2013-2019 കാലയളവിൽ ഉച്ചഭക്ഷണവിതരണപദ്ധതിയിൽ പാൽ, അരി എന്നിവയുടെ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് ജില്ലാവിദ്യാഭ്യാസ ഓഫീസർ, പാലക്കാട് ജില്ലാപഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ഓഡിറ്റ് വിഭാഗം മുതലായവരുടെ റിപ്പോർട്ടുകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പത്തിരിപ്പാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ 2013-2019 കാലയളവിലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതലയുണ്ടായിരുന്ന അദ്ധ്യാപകന് വേലവിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2013-2018 കാലയളവിൽ ടി സ്കൂളിൽ സേവനത്തിൽ ഉണ്ടായിരുന്ന പ്രധാന അദ്ധ്യാപകർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാനും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ഹർത്താൽ ദിനങ്ങളായ 16.10.2017, 30.7.2018, 10.09.2018, 10.10.2018 എന്നീ തീയതികളിലും യഥാക്രമം 738, 578, 739, 686 വിദ്യാർത്ഥികൾക്ക് വീതം ഉച്ചഭക്ഷണം, പാൽ എന്നിവ വിതരണം ചെയ്തതായും പാൽ-പലചരക്ക് സാധനങ്ങൾ നിലവിലില്ലാത്ത സ്റ്റോറുകളുടെ പേരിൽ വ്യാജ ബിൽ ഉണ്ടാക്കി ക്രമക്കേട് നടത്തിയതുമായുള്ള പാലക്കാട് ജില്ല പഞ്ചായത്ത് നിയോഗിച്ച അന്വേഷണക്കമ്മിറ്റിയുടെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പാലക്കാട് ജില്ലാ പഞ്ചായത്ത് നിയോഗിച്ച അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം സമയബന്ധിതമായി നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ? | (സി) | പാലക്കാട് ജില്ലാ പഞ്ചായത്ത് നിയോഗിച്ച അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ